# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 316 09.03.2015-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ടിക്കറ്റിനോടൊപ്പമുള്ള സെസ്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ് യാത്രക്കാരിൽ നിന്ന് ടിക്കറ്റിനോടൊപ്പം സെസ്സ് പിരിക്കാൻ തുടങ്ങിയത് ഏത് തീയതി മുതലാണ്; ഇത് സംബന്ധമായ കെ.എസ്.ആർ. ടി.സി. ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി വാഹനങ്ങൾ പെട്ടുണ്ടാകുന്ന അപകടങ്ങളിൽ എം.എ.സി.റ്റി ക്ലെയിം തുക യഥാസമയം നല്കുന്നതിന് 06.04.2007 മുതൽ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകളിൽ 25 രൂപ മുതലുള്ള ടിക്കറ്റുകൾക്ക് ഒരു രൂപ ഇൻഷ്വറൻസ് സെസ്സ് ഈടാക്കി വരുന്നുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി പാസഞ്ചേഴ്സ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് കവറേജ് സ്കീം ഇതുവരെയും നടപ്പിൽ വരുത്തിയിട്ടില്ല. ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രതിവർഷം എത്ര കോടി രൂപ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി പ്രതീക്ഷിക്കുന്നു; സെസ്സ് ഇനത്തിൽ ഈടാക്കുന്ന തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതെന്നും എപ്രകാരമാണ് സൂക്ഷിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | 161 കോടി രൂപ പ്രതീക്ഷിക്കുന്നു. 7.5 കോടി രൂപ ഇൻഷ്വറൻസ് പരിരക്ഷക്കും, 7.5 കോടി രൂപ ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങളും, ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും ബാക്കി വരുന്ന 146 കോടി രൂപ സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ കെ.എസ്.ആർ. ടി.സി.ക്ക് ഉണ്ടാകുന്ന ചെലവിലേക്ക് മുതൽ കൂട്ടുവാനാണ് തീരുമാനിച്ചിട്ടുള്ളത്. തുക ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | യാത്രക്കാരന്റെമേൽ ചുമത്തപ്പെട്ട സെസ്സ് നിരക്കിന്റെ വിശദാംശം വെളിപ്പെടുത്താമോ? | (സി) | ചുമത്താനുദ്ദേശിക്കുന്ന നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>24 രൂപ വരെ ഇല്ല.<br>25 മുതൽ 49 രൂപ വരെ 2 രൂപ<br>50 മുതൽ 74 രൂപ വരെ 3 രൂപ<br>75 മുതൽ 99 രൂപ വരെ 4 രൂപ<br>100 രൂപയ്ക്ക് മുകളിൽ 10 രൂപ |

സെക്ഷൻ ഓഫീസർ

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

25-8-2014-ൽ ചേർന്ന 380-ാമത് ഭരണസമിതി യോഗ അജണ്ട തീരുമാനം

---

ഫയൽ നം. ബഡ്ജ1/004620/2014. | അജണ്ട ഇനം നം. 46/2014

---

വിഷയം:- കെ.എസ്.ആർ.ടി.സി-പുതുതായി സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കൽ - യാത്രക്കാർക്ക് ഇൻഷ്വറൻസ് കമ്പനികൾ മുഖേന ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്-സംബന്ധിച്ച്.

## തീരുമാനം

വിഷയം വിശദമായി ചർച്ച ചെയ്തു. പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട വിഷയങ്ങൾ ബോർഡ് ചർച്ച ചെയ്ത് അംഗീകരിച്ചവയിൽ വന്ന മാറ്റം സംബന്ധിച്ച് ഭരണസമിതി അംഗങ്ങളുടെ ആശങ്കകൾക്ക് വിശദമായ വിവരണം ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ നൽകുകയും ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ നടന്നുവരുന്ന ചർച്ചകളും, തീരുമാനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുകയുമുണ്ടായി. തുടർന്ന് മാനേജർ (അക്കൗണ്ട്സ്), കെ.എസ്.ആർ.ടി.സി. ഫിനാൻസ് വിഭാഗം എന്നിവരുടെ ഇതുസംബന്ധമായ വിശദീകരണ കുറിപ്പുകൾ വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി.

1. സെസ്സ് ഇനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം വിനിയോഗിച്ച് എല്ലാ യാത്രക്കാർക്കും ഇൻഷ്വറൻസ് കമ്പനികൾ മുഖേന അപകട പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കാവുന്നതാണ്.
2. സെസ്സിനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം വിനിയോഗിച്ച് ബസ് സ്റ്റേഷനുകളിൽ യാത്രക്കാർക്ക് സൗകര്യങ്ങൾ (Passenger Amenities) ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കാവുന്നതാണ്.
3. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തി അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി.

...

തിരുവനന്തപുരം,
തീയതി : 05-9-2014.

ഒപ്പ്
**ചെയർമാൻ**

//ശരി പകർപ്പ്//

സ്വീകർത്താവ് :- എ.ഒ (ബഡ്ജറ്റ്).

.asm

(signature)

സെക്രട്ടറി

സെക്ഷൻ ഓഫീസർ